# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 ഒക്ടോബർ 08** **website: [www.uoc.ac.in](http://www.uoc.ac.in)**

---

### സകുറ സയൻസ് എക്സ്ചേഞ്ച് പ്രോഗ്രാമിന്
### കാലിക്കറ്റ് സർവകലാശാല ഗവേഷക സംഘം ജപ്പാനിൽ

ജപ്പാൻ സയൻസ് ആന്റ് ടെക്നോളജി ഏജൻസിയുടെ (ജെ.എസ്.ടി.) പൂർണ ധനസഹായത്തോടെ സംഘടിപ്പിക്കുന്ന സകുറ സയൻസ് എക്സ്ചേഞ്ച് പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനായി കാലിക്കറ്റ് സർവകലാശാല ബോട്ടണി വിഭാഗം പ്രൊഫ. (ഡോ.) ജോസ് ടി. പുത്തൂരിന്റെ നേതൃത്വത്തിലുള്ള ഗവേഷക സംഘം ജപ്പാനിലെത്തി. ഒക്ടോബർ 3 മുതൽ 11 വരെയാണ് പരിപാടി. ഒകയാമ സർവകലാശാലയിലെ എമിററ്റസ് പ്രൊഫസർ യുചിരോ തകാഷിയുടെ ആതിഥേയത്വത്തിലാണ് പരിപാടി നടക്കുന്നത്. ഇന്ത്യയും ജപ്പാനും തമ്മിലുള്ള ശാസ്ത്രീയ വിനിമയവും ഗവേഷണ സഹകരണവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവേഷണ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ സംഘം സന്ദർശിക്കുകയും ജാപ്പനീസ് ഗവേഷകരുമായി ശാസ്ത്രീയ ആശയവിനിമയം നടത്തുകയും ചെയ്യും. ശാസ്ത്രീയ അവതരണങ്ങളും ഗവേഷണ ആശയങ്ങളുടെ കൈമാറ്റവും പരിപാടിയുടെ ഭാഗമാണ്. പ്രൊഫ. ജോസ് ടി. പുത്തൂരിനൊപ്പം ഗവേഷകരായ എം. ജോയൽ ജോയ്, ദിയ ആൻ മരിയ, എൻ. ശ്വേത, വി.പി. ചൈതന്യ, ബിരുദാനന്തര വിദ്യാർഥികളായ ലിറ്റ്ന ജോസ്, ജി. ആദിത്യ, നന്ദന എന്നിവരാണ് സംഘത്തിലുള്ളത്. സസ്യങ്ങളിലെ സമ്മർദ്ദശാസ്ത്രം, സസ്യ - സൂക്ഷ്മജീവി പരസ്പരബന്ധം, സുസ്ഥിര വിള ഉത്പാദനം, സസ്യശാസ്ത്രത്തിലെ നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും ചർച്ചകൾ നടക്കുന്നത്. പ്രൊഫ. ജോസ് ടി. പുത്തൂർ, ഗവേഷകരായ എം. ജോയൽ ജോയ്, ദിയ ആൻ മരിയ എന്നിവർ തങ്ങളുടെ ഗവേഷണ വിഷയങ്ങൾ അവതരിപ്പിക്കും. ജപ്പാനിലെഗവേഷണ സ്ഥാപനങ്ങളിലെ സന്ദർശനങ്ങളിലൂടെ നൂതന ഗവേഷണ സൗകര്യങ്ങളും പരീക്ഷണ രീതികളും പരിചയപ്പെടുന്നതിനൊപ്പം സാങ്കേതിക അറിവുകളും ഗവേഷണ ആശയങ്ങളും കൈമാറും. അന്താരാഷ്ട്ര ശാസ്ത്രീയ വിനിമയത്തിലൂടെ യുവ ഗവേഷകർക്ക് പുതിയ അറിവുകളും ഗവേഷണ കാഴ്ചപ്പാടുകളും ലഭിക്കുന്നതിനും കാലിക്കറ്റ് സർവകലാശാലയും ജാപ്പനീസ് ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള ഭാവി അക്കാദമിക - ഗവേഷണ സഹകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനും പരിപാടി സഹായകമാകും. സംഘം ജപ്പാനിലെ ക്യോട്ടോ സർവകലാശാലയും സന്ദർശിക്കും.

***ഫോട്ടോ :*** *ജപ്പാൻ സയൻസ് ആന്റ് ടെക്നോളജി ഏജൻസിയുടെ (ജെ.എസ്.ടി.) സകുറ സയൻസ് എക്സ്ചേഞ്ച് പ്രോഗ്രാമിൽ പങ്കെടുക്കാൻ കാലിക്കറ്റ് സർവകലാശാല ബോട്ടണി വിഭാഗം പ്രൊഫ. (ഡോ.) ജോസ് ടി. പുത്തൂരിന്റെ നേതൃത്വത്തിലെത്തിയ സംഘം ഒകയാമ സർവകലാശാലയിലെ എമിററ്റസ് പ്രൊഫസർ യുചിരോ തകാഷിയോടൊപ്പം.*

***പി.ആർ. 1424/2026***

## ലോൺട്രി ക്വട്ടേഷൻ ക്ഷണിച്ചു

കാലിക്കറ്റ് സർവകലാശാലാ ഗസ്റ്റ് ഹൗസ്, ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന ബെഡ്ഷീറ്റ്, തലയിണ കവർ, മേശവിരി മുതലായവ അലക്കി ഉണക്കി ഇസ്തിരി ചെയ്ത് നൽകുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. നിശ്ചിതഫോറം (155/- രൂപ) സർവകാലശാല ഭരണകാര്യാലയത്തിലെ ആസൂത്രണവികസന വിഭാഗത്തിൽ ഒക്ടോബർ 19 വരെ ലഭ്യമാകും. ഓരോ ക്വട്ടേഷന്റെയും കൂടെ സർവകലാശാലാ രജിസ്ട്രാറുടെ പേരിൽ 3,964/- രൂപ നിരതദ്രവ്യം അടച്ചതിനുള്ള ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കണം. ഒട്ടിച്ച് സീൽ ചെയ്ത കവറിലുള്ള ക്വട്ടേഷൻ ഒക്ടോബർ 19-ന് വൈകിട്ട് 05.00 മണിക്ക് മുമ്പായി സർവകലാശാലാ ആസൂത്രണവികസന വിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ്. കവറിന് പുറത്ത് “കാലിക്കറ്റ് സർവകലാശാല ലോൺട്രി വർക്ക് ഏറ്റെടുക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതണം. ഒട്ടിച്ച് സീൽ ചെയ്ത് ലഭിക്കുന്ന ക്വട്ടേഷനുകൾ ഒക്ടോബർ 22-ന് വൈകിട്ട് 03.00 മണിക്ക് സന്നിഹിതരായ ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ തുറക്കും. അന്നേ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ സർവകാലശാലാ ആസൂത്രണവികസന വിഭാഗത്തിൽ ലഭ്യമാകും.

***പി.ആർ. 1425/2026***

## പി.ജി.ഡി.ആർ.പി. പ്രവേശനം 2026

കാലിക്കറ്റ് സർവകലാശാലാ സൈക്കോളജി പഠനവകുപ്പിൽ 2026 അധ്യയന വർഷത്തെ പി.ജി.ഡി.ആർ.പി. പ്രവേശനത്തിനുള്ള അഭിമുഖം ഒക്ടോബർ 12, 13 തീയതികളിൽ നടക്കും. പ്രവേശന പരീക്ഷ എഴുതിയവർ അഡ്മിറ്റ് കാർഡ് സഹിതം ഹാജരാകണം. അഭിമുഖത്തിന് ഹാജരാകേണ്ടവരുടെ രജിസ്റ്റർ നമ്പർ, തീയതി, സമയം എന്നിവ ക്രമത്തിൽ :- രജിസ്റ്റർ നമ്പർ 100002 മുതൽ 100053 വരെ - ഒക്ടോബർ 12 - രാവിലെ 09.30, രജിസ്റ്റർ നമ്പർ 100054 മുതൽ 100108 വരെ - ഒക്ടോബർ 12 - ഉച്ചക്ക് 01.30, രജിസ്റ്റർ നമ്പർ 100109 മുതൽ 100159 വരെ - ഒക്ടോബർ 13 - രാവിലെ 09.30, രജിസ്റ്റർ നമ്പർ 100160 മുതൽ 100214 വരെ - ഒക്ടോബർ 13 - ഉച്ചക്ക് 01.30.

***പി.ആർ. 1426/2026***

## പ്രാക്ടിക്കൽ പരീക്ഷ

അഞ്ചാം സെമസ്റ്റർ ബി.വോക്. റീടെയിൽ മാനേജ്മെന്റ് ( സി.ബി.സി.എസ്.എസ്. - വി. - യു.ജി. ) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 5, 6 തീയതികളിൽ നടക്കും. കേന്ദ്രം : എം.ഇ.എസ്. കേവീയം കോളേജ്, വളാഞ്ചേരി. ഷെഡ്യൂൾ വെബ്സൈറ്റിൽ.

***പി.ആർ. 1427/2026***

## ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷാഫലം

മൂന്നും നാലും സെമസ്റ്റർ എം.എസ് സി. ക്ലിനിക്കൽ സൈക്കോളജി ( 2003 സിലബസ് - 2008, 2009 പ്രവേശനം ) സെപ്റ്റംബർ 2023 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 19 വരെ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എം.എസ് സി. സൈക്കോളജി ( 2003 പ്രവേശനം ) സെപ്റ്റംബർ 2023 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1428/2026***

**സൂക്ഷ്മപരിശോധനാഫലം**

രണ്ടാം സെമസ്റ്റർ ബി.കോം. എൽ.എൽ.ബി. ഹോണേഴ്സ് (2021 മുതൽ 2025 വരെ പ്രവേശനം) മാർച്ച് 2026 പരീക്ഷകളുടെ സൂക്ഷ്മപരിശോധനാഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1429/2026***